നങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വായ്പ എന്നിവ മുഖേന പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കുവേണ്ടിയുള്ള അടങ്കൽ തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും ഗ്രാന്റിനത്തിൽ 3175.65 കോടി രൂപയും വായ്പയിനത്തിൽ 7529.87 കോടി രൂപയും ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിദേശ സഹായ പദ്ധതികൾക്കു വേണ്ടി നീക്കിവെച്ചിട്ടുള്ള തുക 4,861 കോടി രൂപയാണ്. പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ പ്രകാരം 2632.75 കോടി രൂപ വിദേശസഹായ പദ്ധതികൾക്കായി വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ ഓരോ വാർഷിക പദ്ധതിയോടനുബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായും ആസൂത്രണ കമ്മീഷനുമായും നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മേൽ വിഹിതത്തിൽ വ്യത്യാസം വരാൻ സാദ്ധ്യതയുണ്ട്.

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം

9 [*309] ശ്രീ. എം. ഹംസ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലുകളിലൂടെ എന്തെല്ലാം വിവരങ്ങളാണ് ലഭ്യമാക്കുന്നത്;

(സി) വകുപ്പിന്റെ പുനഃസംഘടനയ്ക്കായി നിയോഗിച്ച കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണ്; ഇവ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വകുപ്പിന്റെ മൊബൈൽ എക്സിബിഷൻ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബഹുമുഖ കർമ്മ പരിപാടികൾ സർക്കാർ നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ കാലോചിതമായ നവീകരണത്തിനായി (കെ. കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം) വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി നിരവധി തവണ യോഗങ്ങൾ കൂടി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പരിഹരിക്കാൻ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മുതിർന്ന



LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരുടെ പ്രാദേശിക തലത്തിലുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. വാർത്താ വിതരണം, മാധ്യമ അവലോകനം, പൊതുജനാഭിപ്രായ സമാഹരണം, പ്രദർശനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണം, വിതരണം, സാംസ്കാരിക പ്രവർത്തനങ്ങൾ, പരസ്യനിർമ്മാണം, പ്രസിദ്ധീകരണം, വീഡിയോ ചിത്ര നിർമ്മാണം തുടങ്ങി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടും കൂടുതൽ ജനോപകാരപ്രദമായ രീതിയിലും നടപ്പാക്കാൻ വേണ്ട നിരന്തരപ്രവർത്തനങ്ങൾ വകുപ്പ് നിർവ്വഹിച്ചു വരുന്നു. വിവിധ സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനും വികസന ഭരണസംബന്ധിയായ കാര്യങ്ങളിൽ ജനാഭിപ്രായം അറിയിക്കുന്നതിനുമുള്ള സുതാര്യകേരളം പരിപാടി വകുപ്പിന്റെ നേതൃത്വത്തിൽ പുനരാരംഭിച്ചു. കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുകയും ഇത് കൂടുതൽ പ്രവർത്തന മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിൽ സർക്കാരിന്റെ ഔദ്യോഗിക വിവരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. അതനുസരിച്ച് ലെജിസ്ലേച്ചർ, ജുഡീഷ്യറി, എക്സിക്യൂട്ടീവ് മേഖലകളെ സംബന്ധിച്ച് പൊതുജനം അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ വെബ് പോർട്ടലിൽ നൽകിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, അവയുടെ ഘടന, സേവനങ്ങൾ, പ്രധാന ഔദ്യോഗിക വ്യക്തികൾ, അവരുടെ വിലാസം, ഫോൺ നമ്പരുകൾ, പ്രധാന ഉത്തരവുകൾ, നയങ്ങൾ, ടെണ്ടറുകൾ, പ്രസിദ്ധീകരണങ്ങൾ, പത്രക്കുറിപ്പുകൾ തുടങ്ങിയവ വെബ് പോർട്ടലിൽ ലഭ്യമാണ്. വിവിധ സർക്കാർ വെബ്സൈറ്റുകളിലേക്കുള്ള ലിങ്കുകളും ഔദ്യോഗിക വെബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള ഗസറ്റ്, സർക്കാരിന്റെ പ്രധാന പദ്ധതികൾ, പരാതി പരിഹാര സംവിധാനം, ജില്ലകളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ വകുപ്പുകളെക്കുറിച്ചുള്ള സംശയങ്ങൾക്കുള്ള മറുപടി എന്നിവയും പോർട്ടലിലുണ്ട്.

(സി) കെ. കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു.† വകുപ്പിന്റെ കാലോചിതമായ നവീകരണത്തിനായി കെ. കുഞ്ഞികൃഷ്ണൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) മൊബൈൽ എക്സിബിഷൻ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വാഹനത്തിൽ ജനറേറ്റർ, എൽ. സി. ഡി. ടി. വി., ഡി. എൽ. പി. പ്രൊജക്ടർ തുടങ്ങിയ സജ്ജീകരണങ്ങൾ ഉൾപ്പെടുത്തുകയും യൂണിറ്റിന്റെ ആദ്യ പര്യടനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും ഗ്രാമങ്ങൾ തോറും സന്ദേശങ്ങൾ എത്തിക്കാൻ കാര്യക്ഷമമായ സംവിധാനങ്ങൾ ഇപ്പോൾ യൂണിറ്റിലുണ്ട്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ആവിഷ്ക്കരിക്കുന്ന ഫീൽഡ് പബ്ലിസിറ്റി പരിപാടികൾക്കു പുറമെ വിവിധ വകുപ്പുകളുടെ പ്രചാരണ ജോലികളും ഈ യൂണിറ്റ് ഉപയോഗിച്ച് നിർവ്വഹിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly